**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1153** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>വിനോദസഞ്ചാര വികസനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. അൻവർ സാദത്ത്

ശ്രീ. നീലകണ്ഠൻ

ശ്രീ. സന്ദീപ് വാര്യർ

ശ്രീ. ടി .ഒ. മോഹനൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. സി. വിഷ്ണുനാഥ്

(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ വിനോദസഞ്ചാര വികസനത്തിനായി ഏതൊക്കെ നൂതന പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നതെന്ന് വിശദമാക്കുമോ;

**<u>മറുപടി:</u> സംസ്ഥാനത്തെ വിനോദസഞ്ചാര വികസനം കൂടുതൽ സുസ്ഥിരമാക്കുന്നതിനുള്ള വിവിധ നൂതന പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. ടൂറിസത്തിന് വ്യവസായ പദവിയിൽ നല്കേണ്ട ആനുകൂല്യങ്ങൾ, ടൂറിസം ഡെസ്റ്റിനേഷനുകൾ, പരിസ്ഥിതി സൗഹൃദമായി നിലനിർത്തേണ്ട നടപടികൾ എന്നിവയുൾപ്പെടെയാണ് വിഭാവനം ചെയ്യുന്നത് .**

**(ബി)** സംസ്ഥാനത്തേക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുവാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u> ആഭ്യന്തര - വിദേശ വിനോദ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്ന വിധം ടൂറിസം പദ്ധതികൾ നൂതനവും കാലികവുമാക്കാനുള്ള നിരവധി പദ്ധതികൾ വിഭാവനം ചെയ്യുന്നു. ഇവ കൃത്യമായ മാർക്കറ്റിംഗിലൂടെ International and Domestic മാർക്കറ്റുകളിൽ എത്തിക്കുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ചു വരുന്നു.**

**(സി)** സംസ്ഥാനത്തിന്റെ വരുമാനവും തൊഴിലവസരങ്ങളും വർധിപ്പിക്കുന്നതിനായി വിനോദസഞ്ചാര മേഖലയെ പ്രയോജനപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കാമോ?

**<u>മറുപടി:</u> സംസ്ഥാനത്തിന്റെ വരുമാനവും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുന്ന മേഖലയായി വിനോദസഞ്ചാര മേഖലയെ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.**

**സെക്ഷൻ ഓഫീസർ**